പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 556** | **27/02/2018-ൽ മറുപടിയ്ക്ക്**

## ഓഖി ദുരിതാശ്വാസ നിധിയിലേക്ക് സഹകരണ ബാങ്ക് ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരിൽ നിന്നും സമ്മതപത്രം മുഖേന 2017 ഡിസംബർ മാസത്തിലെ ശമ്പളത്തിൽ നിന്നും ഓഖി ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുക പിരിച്ചെടുത്തെന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരിൽ നിന്നും സമ്മതപത്രം മുഖേന 2017 ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും 9,43,979.94/- രൂപ ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് പിരിച്ചെടുത്തിട്ടുണ്ട്. |
| (ബി) | ഈ തുക മുഴുവനും ഓഖി ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയിട്ടുണ്ടോയെന്നും തുക എത്രയെന്നും വിശദമാക്കുമോ; | (ബി) | ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച 9,43,979.94/- രൂപയിൽ 8,42,011.94/- രൂപ മാത്രമേ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൈമാറിയിട്ടുള്ളൂ. |
| (സി) | സംസ്ഥാന സഹകരണബാങ്കിലെ ഒരു വിഭാഗം ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത തുക ഓഖി ദുരിതാശ്വാസ നിധിയിലേക്ക് കൈമാറാതെ തിരികെ നൽകിയിട്ടുണ്ടോ;എങ്കിൽ ആയതിന്റെ കാരണമെന്താണെന്നും തിരികെ നൽകിയ തുക എത്രയെന്നും വ്യക്തമാക്കുമോ; | (സി) യും (ഡി) യും | ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരിൽ നിന്നും സമാഹരിച്ച തുകയിൽ 8,42,011.94/- രൂപ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് നൽകിയതു കഴിച്ച് ബാക്കി 1,01,968/- രൂപ ജീവനക്കാർക്ക് തിരികെ നൽകിയിട്ടുണ്ട്.<br><br>ഓഖി ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കുലറിൽ എല്ലാ ജീവനക്കാരും 2 ദിവസത്തെ വേതനം ഡിസംബർ മാസത്തെ ശമ്പളത്തിൽ നിന്നും ജീവനക്കാരുടെ സമ്മതത്തിനു വിധേയമായി ഈടാക്കുവാൻ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ചില ജീവനക്കാർ 2 ദിവസത്തെ ശമ്പളം നൽകുവാൻ വിസമ്മതിക്കുകയും അവർ സമ്മതപത്രം മുഖേന ചെറിയ തുകകൾ സംഭാവന നൽകുകയും ചെയ്തു. ഇപ്രകാരം നൽകിയ ചെറിയ തുകകൾ തിരിച്ചു നൽകുവാൻ ബാങ്ക് തീരുമാനിച്ചു. |
| (ഡി) | ഓഖി ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ തുക തിരിച്ചു നൽകാൻ ബാങ്ക് മാനേജ്മെന്റ് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഇ) | ഓഖി ദുരിതാശ്വാസ നിധിയിലേക്ക് പിരിച്ചെടുത്ത തുക തിരിച്ചു നൽകുക വഴി സംസ്ഥാനത്തിന്റെ താല്പര്യത്തിന് വിരുദ്ധമായി സംസ്ഥാന സഹകരണബാങ്ക് മാനേജിംഗ് ഡയറക്ടർ/അഡ്മിനിസ്ട്രേറ്റർ എന്നിവർ പ്രവർത്തിച്ച നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | സംസ്ഥാനത്തിന്റെ താല്പര്യത്തിനു വിരുദ്ധമായി പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ